LIBRARY ARCHIVES Kerala Legislative Assembly

പെരുവണ്ണാൻ സമുദായക്കാരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി

96(2347) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വണ്ണാൻ, മണ്ണാൻ, പെരുമണ്ണാൻ സമുദായങ്ങളെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) മലബാർ ഭാഗത്തെ പെരുവണ്ണാൻ ജാതിക്കാരെ ഒ.ഇ.സി. വിഭാഗത്തിലാണ് ഉൾപ്പെടുത്തിയതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വണ്ണാൻ, മണ്ണാൻ, പെരുമണ്ണാൻ വിഭാഗങ്ങളിലുള്ളവരുടെ പൂർവ്വികർ ചെയ്തിരുന്ന ജോലിതന്നെയാണ് പെരുവണ്ണാൻ സമുദായക്കാരുടെ പൂർവ്വികരും ചെയ്തിരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പെരുവണ്ണാൻ സമുദായക്കാരെ കൂടി പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&സി) ഉണ്ട്.

(ഡി) പെരുവണ്ണാൻ സമുദായത്തെ സംസ്ഥാനത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് ഭരണഘടനാ ഭേദഗതി പാർലമെന്റിൽ അവതരിപ്പിച്ച് കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചെങ്കിൽ മാത്രമേ പെരുവണ്ണാൻ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുകയുള്ളൂ.

പട്ടികവിഭാഗക്കാരുടെ സഹകരണബാങ്കുകളിൽ നിന്നുള്ള വായ്പയും പലിശയും എഴുതിതള്ളാൻ നടപടി

96(2348) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവിഭാഗക്കാർ സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത 25,000 രൂപവരെയുള്ള വായ്പയും പലിശയും എഴുതി തള്ളാൻ സർക്കാർ എടുത്തിരുന്ന തീരുമാന പ്രകാരം സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും സർക്കാർ ലിസ്റ്റ് ശേഖരിച്ചിരുന്നുവെങ്കിലും നാളിതുവരെ ഈ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് ഇപ്രകാരമുള്ള ആനുകൂല്യം എത്ര പേർക്ക് ലഭിക്കാനിടയുണ്ട് എന്ന് വ്യക്തമാക്കുമോ ; കൂടുതൽ പേർക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കാൻ സാധ്യതയുണ്ടോ ;

(ഡി) ഈ സർക്കാർ കാലാവധി പൂർത്തിയാക്കുന്നതിനു മുമ്പ് ഇക്കാര്യത്തിൽ തീരുമാനം ഉണ്ടാകുമോ ?

ഉത്തരം

(എ) കേരള സംസ്ഥാനത്തെ പട്ടികജാതി/പട്ടിവർഗ്ഗ പരിവർത്തിത ക്രൈസ്തവ ജനവിഭാഗങ്ങൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ 25,000 രൂപ വരെയുള്ള വായ്പകൾ പലിശയും പിഴപ്പലിശയുമുൾപ്പെടെ എഴുതിതള്ളുന്നതിനും അതിനു മുകളിലുള്ള തുകയ്ക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുമായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി സഹകരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നതിനായി 68.75 കോടി രൂപ സഹകരണ വകുപ്പിന് സർക്കാർ അനുവദിച്ച് നൽകിയിട്ടുമുണ്ട്. അതിൽ നിന്നും പദ്ധതി നടത്തിപ്പിനായി വകുപ്പുതല പരിശോധനയിൽ അർഹത ഉണ്ടെന്ന് കണ്ടെത്തിയ 59.86 കോടി രൂപ സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നൽകിയിട്ടുണ്ട്.

(ബി) ഇതിനായി 68.75 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതിപ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് അർഹത നേടിയതുമായ 1,04,466 വായ്പകളിലായി ആകെ 115.23 കോടി രൂപയുടെ ആശ്വാസം അനുവദിക്കുകയും അതിൽ സർക്കാർ ബാധ്യതയായി 59.86 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർ സംഘങ്ങൾക്ക് ആദ്യഗഡുവായി അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ആനുകൂല്യം ലഭിക്കാനിടയുള്ളവരുടെ കൃത്യമായ കണക്ക് ഇപ്പോൾ ലഭ്യമല്ല. കൂടാതെ ഈ പദ്ധതിയിൽ കൂടുതൽ പേർക്ക് ആനുകൂല്യം ലഭിക്കുവാനുള്ള സാധ്യതയുണ്ട്.

(ഡി) ഈ പദ്ധതിക്കായുള്ള ഉത്തരവിലെ വ്യവസ്ഥകൾക്കനുസരിച്ച് ഈ സർക്കാർ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് ലഭിക്കുന്ന അപേക്ഷകളിൽ അർഹത പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകാനുള്ള പദ്ധതികൾ

97(2349) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നല്കാനുള്ള ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly